**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 785** **09-08-2023 - ൽ മറുപടിയ്ക്ക്**

**എറണാകുളം സഹകരണ എക്സ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 2022-23 ൽ എറണാകുളത്ത് സംഘടിപ്പിച്ച സഹകരണ എക്സ്പോയുടെ ഉദ്ദേശം വ്യക്തമാക്കാമോ; | (എ) | 2022-23 ൽ എറണാകുളത്ത് സംഘടിപ്പിച്ച സഹകരണ എക്സ്പോയുടെ ഉദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപ്പാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതുസമൂഹത്തിനു മുന്നിൽ കൊണ്ടുവരിക.<br><br>2. സഹകരണ മേഖലയിലെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുക, വിപണനം നടത്തുക.<br><br>3. അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കിവരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുക.<br><br>4. സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയ തലത്തിൽ പരിചയപ്പെടുത്തുക.<br><br>5. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തുക, അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിയ്ക്കുക. കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിയ്ക്കുക.<br><br>6. കേരളത്തിലെ സഹകരണ ഉല്പ്പന്നങ്ങളുടെ ഏകീകൃത ബ്രാൻഡ് ആയ coopkerala ബ്രാൻഡ് കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്തുക.<br><br>7. സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുക. |

| | | | |
|---|---|---|---|
| | | | 8. കേരളത്തിലെ സഹകരണ മേഖലയിലെ സേവനങ്ങൾ പരിചയപ്പെടുത്തുക.<br><br>9. കേരളത്തിലെ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുക.<br><br>10. സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യം ഉണ്ടാക്കുക.<br><br>11. സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും, ചർച്ചകളും, സംഘടിപ്പിക്കുക, തുടങ്ങിയവയാണ് സഹകരണ എക്സ്പോയുടെ പ്രധാന ലക്ഷ്യങ്ങൾ. |
| (ബി) | സഹകരണ എക്സ്പോയിൽ കാലിക പ്രാധാന്യമുള്ള എന്തെല്ലാം വിഷയങ്ങൾ ചർച്ച ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | ഒൻപത് ദിവസങ്ങളിലായി സംഘടിപ്പിച്ച സഹകരണ എക്സ്പോ-2023 ൽ ചുവടെ പറയുന്ന കാലിക പ്രാധാന്യമുള്ള 11 വിഷയങ്ങളിൽ സെമിനാർ നടത്തിക്കൊണ്ട് ചർച്ച ചെയ്യുകയുണ്ടായി.<br><br>1. സഹകരണ മേഖലയിലെ ഘടനാപരമായ മാറ്റം- വിഷൻ 2030.<br>2. രാജ്യത്തിന്റെ സാമ്പത്തിക വളർച്ച-അടിസ്ഥാന–സൗകര്യ-ഉൽപ്പാദന മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടൽ.<br>3. ഉപഭോക്തൃ, വിപണന സഹകരണ സംഘങ്ങളുടെ ആധുനികവത്കരണവും വിവരസാങ്കേതികവിദ്യയും.<br>4. കാർഷിക അനുബന്ധ മേഖലയും സഹകരണ സ്ഥാപനങ്ങളും- ആധുനിക കാഴ്ചപ്പാടുകൾ.<br>5. പട്ടിക ജാതി പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗങ്ങളുടെ ഉണമേന്മ വർദ്ധിപ്പിക്കുന്നതിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്.<br>6. സഹകരണ പ്രസ്ഥാനത്തിലെ സ്ത്രീ ശാക്തീകരണം-കാഴ്ചപ്പാടും പ്രായോഗികതയും.<br>7. സഹകരണ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ-പ്രാദേശിക സാമ്പത്തിക വികസനത്തിന്.<br>8. ആധുനിക കൃഷി സമ്പ്രദായം- സഹകരണ മേഖലയുടെ ഇടപെടൽ.<br>9. കേന്ദ്ര സർക്കാർ ഇടപെടലുകളും സഹകരണ മേഖല നേരിടുന്ന വെല്ലു വിളികളും.<br>10. കയർ കൈത്തറി ഫിഷറീസ്-വ്യവസായ സഹകരണ സംഘങ്ങളുടെ വികസനത്തിന് ഒരു കർമ്മ പദ്ധതി. |

| | | | |
|---|---|---|---|
| | | | 11. ഈ-ഗവേണൻസ് സഹകരണ മേഖലയിൽ. |

സെക്ഷൻ ഓഫീസർ